A2/239/2022-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ പൂവ്വച്ചൽ ഗ്രാമപഞ്ചായത്തിൽ പൂവ്വച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 2025-26 സാമ്പത്തിക വർഷം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.35/2026/CLAD തീയതി, തിരുവനന്തപുരം, 14-01-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.306/2024/സാം.കാ.വ. തീയതി 11.06.2024
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 06.09.2024 തീയതിയിലെ പി2/321/22/സാം.വ. നമ്പർ കത്ത്.
3. 02.09.2025 ലെ വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ മിനിനഗറിലുള്ള നക്രാംചിറക്കുളം സംരക്ഷിച്ച് ആധുനിക രീതിയിൽ നവീകരിച്ച് ഇതിനോട് ചേർന്ന് 'പൂവ്വച്ചൽഖാദർ സ്മാരക പാർക്ക്" സ്ഥാപിക്കുന്നതിന്, ഉൽകൃഷ്ടമായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്ക് ധനസഹായം ` നൽകുന്നതിന് 2024-25 സാമ്പത്തിക വർഷം '2205-00-102-98-36-പ്ലാൻ' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. ഈ പദ്ധതിക്ക് ധനസഹായം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം സൂചന 3 പ്രകാരം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ മിനിനഗറിലുള്ള നക്രാംചിറക്കുളം സംരക്ഷിച്ച് ആധുനിക രീതിയിൽ നവീകരിച്ച് ഇതിനോട് ചേർന്ന് 'പൂവ്വച്ചൽ ഖാദർ സ്മാരക പാർക്ക്' ഉൽകൃഷ്ടരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്ക് ധനസഹായം നൽകുന്ന '2205-00-102-98-36-പ്ലാൻ' എന്ന ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 50,00,000/ -രൂപ (അൻപത് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്;

1) പൂവ്വച്ചൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽത്തന്നെ പൂവ്വച്ച ൽ ഖാദർ സ്മാരക പാർക്ക് നിർമ്മാണം നടത്തേണ്ടതാണ്. ഇതിനാവശ്യമായ അധികതുകയുടെ ലഭ്യത പഞ്ചായത്ത് ഉറപ്പുവരുത്തുന്നതാണെന്നുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

3) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോർസ് പർച്ചേസ് റൂൾസിനും ഐ. ടി. പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

4) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരികവകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

5) സാംസ്കാരികവകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർ വ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രസിഡണ്ട്, പൂവ്വച്ചൽ ഗ്രാമപഞ്ചായത്ത്, പൂവ്വച്ചൽ പി.ഒ., തിരുവനന്തപുരം, 695575
സെക്രട്ടറി, പൂവ്വച്ചൽ ഗ്രാമപഞ്ചായത്ത്, പൂവ്വച്ചൽ പി.ഒ., തിരുവനന്തപുരം, 695575
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ(വിദ്യാഭ്യാസ സി) വകുപ്പ് (2719204/EDN-D1/15/2024-FIN DATED 06.11.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 14-01-2026 14:58:32